പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1827 11.02.2013 - ൽ മറുപടിയ്ക്ക്

വിശപ്പുരഹിത നഗരം പദ്ധതി

ചോദ്യം ഉത്തരം

ശ്രീ. പി.കെ. ബഷീർ
,, എൻ. ഷംസുദ്ദീൻ
,, പി. ഉബൈദുള്ള
,, അബ്ദുറഹിമാൻ രണ്ടത്താണി

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന വിശപ്പുരഹിത നഗരം പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; ആയത് വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത് എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) | വിലയിരുത്തിയിട്ടുണ്ട്. വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ചും കൊല്ലം കോർപ്പറേഷനിലും മലപ്പുറം നഗരത്തിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി മറ്റു ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പദ്ധതി നടത്തിപ്പിനുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലും ഘട്ടം ഘട്ടമായി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | ആശുപത്രി രോഗികളുടെ കൂട്ടിരിപ്പുകാർക്കു കൂടി പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുമോ; | (സി) | ആശുപത്രി രോഗികളുടെ കൂട്ടിരിപ്പുകാർക്കുകൂടി പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കി വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്ക് എന്തു തുക ഇതേ വരെ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ഡി) | കോഴിക്കോട് നഗരത്തിൽ പദ്ധതി നടത്തിപ്പിനായി ഇതു വരെ 3,29,88,742/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൊല്ലം, മലപ്പുറം നഗരങ്ങളിലെ പദ്ധതി ചെലവുകളുടെ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ